(സി) ഡി. എച്ച്. എസ്. നൽകാമെന്നു പറഞ്ഞ 2,500 രൂപ ഓട് മാറ്റിയിടാനും ജനലുകളും, കതകുകളും മാറ്റിയിടുവാനും തികയാത്തതു കൊണ്ട് അത്യാവശ്യമുള്ള അറ്റകുറ്റപ്പണികൾ ചെയ്യാൻ വേണ്ട എസ്റ്റിമേറ്റ് വാങ്ങി അംഗീകാരം നൽകാൻ വേണ്ട ഏർപ്പാട് ഉണ്ടാക്കുമോ ?

ഉത്തരം

(എ) ഏകദേശം രണ്ടു കൊല്ലത്തോളമായി.

(ബി) 12,000 രൂപയുടെ എസ്റ്റിമേറ്റ് ഡി. എച്ച്. എസിന് കിട്ടിയിട്ടില്ല.

(സി) 3,040 രൂപയുടെ അടങ്കൽ അറ്റകുറ്റപ്പണികൾക്കായി അനുവദിച്ചിട്ടുണ്ട്. അതനുസരിച്ചുള്ള ജോലികൾ ചെയ്യുന്നതിനുവേണ്ട നടപടികൾ എടുത്തുവരുന്നു.

വന്ധ്യീകരണശസ്ത്രക്രിയയ്ക്ക് വിധേയരായവർ

270 [323] ശ്രീ. പി. ബി. ആർ. പിള്ള : താഴെകാണുന്ന ചോദ്യത്തിന് ആരോഗ്യമന്ത്രി സദയം മറുപടി നൽകുമോ :

നമ്മുടെ സംസ്ഥാനത്ത് ആകെ എത്രപേർ ഇന്നുവരെ വന്ധ്യീകരണ ശസ്ത്രക്രിയകൾക്ക് വിധേയരായിരിക്കുന്നു എന്നും, അവ ഓരോ ജില്ലയിലും എത്രയെത്ര വീതം എന്നും വ്യക്തമാക്കുമോ ?

ഉത്തരം

1957 മുതൽ 1976 ഒക്ടോബർ അവസാനംവരെ 1,058,039 പേർ വന്ധ്യീകരണ ശസ്ത്രക്രിയയ്ക്ക് വിധേയരായിട്ടുണ്ട്. 1966 മുതൽ 1976 ഒക്ടോബർ വരെ വന്ധ്യീകരണ ശസ്ത്രക്രിയയ്ക്ക് വിധേയരായവരുടെ ജില്ല തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു.

തിരുവനന്തപുരം	145,178
കൊല്ലം	116,537
ആലപ്പുഴ	100,474
കോട്ടയം	99,853
ഇടുക്കി	12,820
	(1974 മുതൽ)
എറണാകുളം	136,329
തൃശ്ശൂർ	112,357
പാലക്കാട്	47,776
മലപ്പുറം	23,401
	(1970 മുതൽ)
കോഴിക്കോട്	103,640
കണ്ണൂർ	87,360
ആകെ	985,725

നിർബന്ധിതവന്ധ്യീകരണം

271. [324] ശ്രീ. പി. ബി. ആർ. പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വന്ധ്യീകരണശസ്ത്രക്രിയ ഒരു നിർബന്ധിത പരിപാടിയായി സംസ്ഥാന ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്തെ ചില കോൺവെൻറുകളിൽ നിർബന്ധിത വന്ധീകരണത്തിന് ബന്ധപ്പെട്ട ചില ഉദ്യോഗസ്ഥൻമാർ ശ്രമിച്ചുവരുന്നതായി ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇത്തരം നീക്കങ്ങളെ കർശനമായി തടയുന്നതിന് ആവശ്യമായ നടപടികളും സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.
(ബി) ഇല്ല.
(സി) ചോദ്യം ഉദിക്കുന്നില്ല.

വിഷവൈദ്യൻമാർക്ക് ഗ്രാൻറ്

272 [325] ശ്രീ. ടി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ വിഷവൈദ്യൻമാർക്കു ഗവൺമെൻറ് ഗ്രാൻറ് നല്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിൻെറ മാനദണ്ഡം എന്താണ് ;

(സി) ഇന്ന് എത്ര വൈദ്യൻമാർക്ക് ഗ്രാൻറ് നല്കുന്നുണ്ട് ; ജില്ലാടിസ്ഥാനത്തിൽ ഉള്ള കണക്കെന്ത് ;

(ഡി) ഗ്രാൻറനുവദിക്കാത്ത വല്ല അപേക്ഷകളും നിലവിലുണ്ടോ ; ഉണ്ടെങ്കിൽ എത്ര പേരുടേത് ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1. പൊതുജനങ്ങളുടെ അപേക്ഷകളിൻമേൽ മാത്രമേ ഗ്രാൻറനുവദിക്കുകയുള്ളു.

ഗ്രാൻറ് വൈദ്യനായി അംഗീകരിക്കപ്പെടുന്ന ആൾ, മെഡിക്കൽ രജിസ്ട്രേഷൻ ആക്ട് അനുസരിച്ച് 'എ' ക്ലാസിൽ രജിസ്റ്റർ ചെയ്തയാളും, 'എ' രജിസ്ട്രേഷൻ അർഹമായ പരീക്ഷ പാസായി രണ്ടുവർഷത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നയാളുമായിരിക്കണം.

3. മുനിസിപ്പൽ അല്ലെങ്കിൽ കോർപ്പറേഷൻ ഭരണമുള്ള പട്ടണങ്ങളിലൊഴികെ മറ്റുസ്ഥലങ്ങളിൽ സ്ഥാപിക്കുന്ന വിഷവൈദ്യശാലകളും തമ്മിൽ 8 കിലോ മീറ്ററിൽ കുറയാത്ത അകലമുണ്ടായിരിക്കണം.

(സി) 269 ഗ്രാൻറ് വൈദ്യൻമാർക്ക് ഇന്ന് ഗ്രാൻറ് നല്കുന്നുണ്ട്.

തിരുവനന്തപുരം ജില്ലയിലെ ഗ്രാൻറ് വൈദ്യൻമാരുടെ എണ്ണം (വിഷവും ജനറലും ഉൾപ്പെടെ)			40
കൊല്ലം	,,	,,	60
ആലപ്പുഴ	,,	,,	44
കോട്ടയം	,,	,,	20
എറണാകുളം	,,	,,	16
തൃശ്ശൂർ	,,	,,	24
പാലക്കാട്	,,	,,	18
കോഴിക്കോട്	,,	,,	13
കണ്ണൂർ	,,	,,	44

(ഡി) ഗ്രാൻറനുവദിക്കാത്ത 11 അപേക്ഷകളും ഇപ്പോളും നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly